"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശസ്വയംഭരണ വകുപ്പ്- തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ദുരന്ത നിവാരണ പദ്ധതി രേഖ തയ്യാറാക്കാൻ സഹായകമായ പട്ടികകളും, അവയിലേക്ക് ആവശ്യമായ വിവരങ്ങൾ ശേഖരിക്കുവാനുള്ള മാർഗനിർദേശങ്ങളും അടങ്ങിയ ഏകീകൃത ടെംപ്ലേറ്റ് അംഗീകാരം - ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശസ്വയംഭരണ (ഡിഎ) വകുപ്പ്

സ.ഉ.(കൈ) നം.14/2020/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 14/01/2020

പരാമർശം:- 1 സ.ഉ.(കൈ)നം.156/2019/തസ്വഭവ, തീയതി 04.12.2019

2 സ.ഉ.(കൈ)നം.157/2019/തസ്വഭവ, തീയതി 05.12.2019

3 സ.ഉ.(കൈ)നം.9/2020/തസ്വഭവ, തീയതി 06.01.2020

<u>ഉത്തരവ്</u>

സംസ്ഥാനത്തെ എല്ലാ ജനങ്ങളെയും പങ്കെടുപ്പിച്ചുകൊണ്ട്, അവരുടെ അറിവും അനുഭവവും ആശയങ്ങളും കൂടി ഉൾക്കൊണ്ടുകൊണ്ട് തികച്ചും ജനകീയവും പ്രായോഗികവുമായ രീതിയിൽ 'നമ്മൾ നമുക്കായി' എന്ന പേരിൽ ഒരു ജനപങ്കാളിത്ത ക്യാമ്പയിന് തുടക്കം റീബിൽഡ് കേരള ഇനീഷ്യേറ്റീവ് (ആർ കെ ഐ) കുറിച്ചിട്ടുണ്ട്. എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും ദുരന്ത മാനേജ്മെന്റ് പ്ലാനുകൾ ആസൂത്രണം ചെയ്യുക എന്നത് ജനകീയാസൂത്രണ മാതൃകയിലുള്ള ഈ ക്യാമ്പയിന്റെ പ്രധാന ഘടകമാണ്.

2. ദുരന്ത ലഘൂകരണം, തയ്യാറെടുപ്പ്, ദുരന്ത മാനേജ്മെന്റ് എന്നീ മേഖലകളിൽ ജനകീയ പങ്കാളിത്തവും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വപരമായ ഇടപെടലും ഉറപ്പാക്കി, പ്രാദേശികമായി ദുരന്ത ലഘൂകരണ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ ദുരന്ത നിവാരണ പ്ലാനുകൾ വാർഷിക പദ്ധതിയുടെ ഭാഗമായി നടപ്പാക്കുന്നതിനായി പരാമർശം (1) പ്രകാരം നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിരുന്നു. ദുരന്ത നിവാരണ പ്ലാനുകൾ വാർഷിക പദ്ധതിയുമായി സംയോജിപ്പിക്കുന്നത് സംബന്ധിച്ച് 2020-21 വാർഷിക പദ്ധതി തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട പരാമർശം (2) ഉത്തരവിൽ വിശദമായി പ്രതിപാദിക്കുന്നുണ്ട്.

3. ദുരന്ത നിവാരണ പദ്ധതി തയ്യാറാക്കുന്നതിനായി താഴെപ്പറയുന്ന നടപടിക്രമങ്ങൾ പാലിക്കേണ്ടതാണ്.

i. തദ്ദേശസ്ഥാപനങ്ങൾ അവരവരുടെ ദുരന്ത നിവാരണ പദ്ധതി ഒരു ഏകീകൃത ടെംപ്ലേറ്റിൽ തന്നെ (standardized template) തയ്യാറാക്കിയാൽ മാത്രമേ ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയ്ക്ക് പ്രാദേശിക പദ്ധതി രേഖകളിൽ ഉൾപ്പെടുന്ന സ്ഥിതി വിവര കണക്കുകൾ ക്രോഡീകരിക്കാൻ കഴിയുകയുള്ളൂ.

ii. ദുരന്ത നിവാരണ പദ്ധതിയ്ക്ക് രണ്ട് ഘടകങ്ങൾ ഉണ്ട്. സാഹചര്യ വിശകലന റിസോഴ്സ് മാപ്പിംഗും (Situation Analysis Resource Mapping), ഇടപെടൽ റിപ്പോർട്ടും (Intervention Report) അടങ്ങിയ ടെംപ്ലേറ്റ് ആണ് ആദ്യ ഭാഗം. ടെംപ്ലേറ്റിന്റെ അടിസ്ഥാനത്തിൽ തദ്ദേശസ്ഥാപനങ്ങളുടെ വാർഷിക പദ്ധതിയിൽ ഏറ്റെടുക്കുന്ന നിർദ്ദിഷ്ട പ്രോജക്ടുകളാണ് രണ്ടാമതായുള്ളത്.

iii. ടെംപ്ലേറ്റ് അനുസരിച്ചുള്ള വിവരങ്ങൾ (ലഭ്യതയ്ക്ക് അനുസരിച്ച്) തദ്ദേശസ്ഥാപനങ്ങളിൽ നിന്നും കൈമാറിക്കിട്ടിയ സ്ഥാപനങ്ങളിൽ നിന്നും, ഫോക്കസ് ഗ്രൂപ്പ് ചർച്ചകളിലൂടെയും ശേഖരിക്കാവുന്നതാണ്.

iv. കരട് ടെംപ്ലേറ്റ് തദ്ദേശസ്ഥാപനങ്ങളുടെ നേതൃത്വത്തിൽ തയ്യാറാക്കേണ്ടതും ആയത് ദുരന്തനിവാരണ വർക്കിംഗ് ഗ്രൂപ്പ്, വരും വർഷത്തെ പദ്ധതികളെക്കുറിച്ച് ചർച്ച ചെയ്യാൻ വിളിച്ച് ചേർക്കുന്ന ഗ്രാമസഭ / വാർഡ് സഭകളിൽ ചർച്ചയ്ക്കായി വെയ്ക്കേണ്ടതുമാണ്. സ്ഥിതി വിശകലനത്തിൽ (situation analysis) നിന്ന് ഉരുത്തിരിയുന്ന പ്രോജക്ട് ആശയങ്ങൾ ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകൾ ഗ്രാമ / വാർഡ് സഭയിൽ അവതരിപ്പിക്കേണ്ടതാണ്. ഈ പ്രവർത്തനങ്ങളിലെല്ലാം വർക്കിംഗ് ഗ്രൂപ്പുകളെ സഹായിക്കുന്നതിനു വേണ്ടി തദ്ദേശ സ്ഥാപന തലത്തിലും, വാർഡ് തലത്തിലും 20 അംഗ ലോക്കൽ റിസോഴ്സ് ഗ്രൂപ്പിന് തദ്ദേശ സ്ഥാപനങ്ങൾ രൂപം കൊടുക്കേണ്ടതാണ്. ലോക്കൽ റിസോഴ്സ് ഗ്രൂപ്പുകളുടെ രൂപീകരണം, അവയുടെ പ്രവർത്തനം എന്നിവ സംബന്ധിച്ച മാർഗരേഖ പരാമർശം (3) ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്.

v. ഗ്രാമ / വാർഡ് സഭകളിലും പ്രത്യേക വികസന സെമിനാറിലും ഉരുത്തിരിയുന്ന ആശയങ്ങൾ ദുരന്തനിവാരണ പദ്ധതി ടെംപ്ലേറ്റിൽ ഉൾപ്പെടുത്തണം. ദുരന്തനിവാരണ പദ്ധതി ആശയങ്ങളിൽ പ്രത്യേക മാറ്റങ്ങൾ വരുത്തുന്നത് ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകളാണ്. മേൽ ആശയങ്ങൾക്ക് അനുസൃതമായി പുതുക്കിയ ടെംപ്ലേറ്റും പുതുക്കിയ പ്രോജക്ടുകളും വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി തദ്ദേശസ്ഥാപന കമ്മിറ്റിക്ക് അന്തിമ അംഗീകാരത്തിനായും ജില്ലാ ആസൂത്രണ സമിതിക്ക് സമർപ്പിക്കുന്നതിനായും നൽകുന്നതാണ്.

vi. അപ്രകാരം സമർപ്പിക്കപ്പെട്ട ടെംപ്ലേറ്റ് സാങ്കേതിക പരിശോധനയ്ക്ക് ശേഷം ജില്ലാ ആസൂത്രണ സമിതി അംഗീകരിക്കുകയും ആയത് അന്തിമ അംഗീകാരത്തിനും റിക്കോർഡിനായും ജില്ലാ ദുരന്തനിവാരണ അതോറിറ്റിക്ക് കൈമാറുകയും ചെയ്യും.

4. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ദുരന്ത നിവാരണ പദ്ധതിരേഖ

തയ്യാറാക്കാൻ സഹായകമായ പട്ടികകളും, അവയിലേക്ക് ആവശ്യമായ വിവരങ്ങൾ ശേഖരിക്കുവാനുള്ള മാർഗനിർദേശങ്ങളും, പദ്ധതി രൂപീകരണത്തിനാവശ്യമായ മറ്റു നിർദേശങ്ങളും അടങ്ങിയ ഏകീകൃത ടെംപ്ലേറ്റ് അനുബന്ധമായി ചേർത്ത് അംഗീകരിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**ശാരദ മുരളീധരൻ ഐ എ എസ്**
**പ്രിന്സിപ്പല് സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ
നഗരകാര്യ ഡയറക്ടർ
ഗ്രാമ വികസന കമ്മീഷണർ
ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്
മെമ്പർ സെക്രട്ടറി, സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ്
എല്ലാ ജില്ലാ ആസൂത്രണ സമിതി അധ്യക്ഷൻമാർക്കും

എല്ലാ ജില്ലാ ആസൂത്രണ സമിതി മെമ്പർ സെക്രെട്ടറിമാർക്കും
ഡയറക്ടർ, കില, തൃശ്ശൂർ
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
കരുതൽ ഫയൽ/ഓഫീസ് കോപ്പി

പകർപ്പ്
ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എയ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എയ്ക്ക്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

# നമ്മൾ നമുക്കായി

1. 2018 ആഗസ്റ്റ് മാസത്തിലെ മഹാപ്രളയത്തിൽ ഉലഞ്ഞുപോയ കേരളത്തെ മുമ്പ് ഉണ്ടായിരുന്നതിനെക്കാൾ മികവുറ്റതായി പുനർനിർമ്മിക്കുക എന്ന സുപ്രധാന ദൗത്യമെന്ന നിലയിലാണ് റീബിൽഡ് കേരള ഇനിഷ്യേറ്റീവിന് സർക്കാർ രൂപം നൽകിയിട്ടുള്ളത്. പ്രളയാനന്തരം, അടിയന്തിര രക്ഷാപ്രവർത്തനങ്ങൾക്കും ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കും ശേഷം കേരളം ശ്രദ്ധ പതിപ്പിച്ചത് പുനർനിർമ്മാണ പ്രവർത്തനങ്ങളിലായിരുന്നു. എന്നാൽ പശ്ചാത്തല സൗകര്യങ്ങളുടെയും ഭൂവ്യവസ്ഥകളുടെയും പുനഃസ്ഥാപനം വൻ മുതൽമുടക്കും സമയവും വേണ്ടിവരുന്ന പ്രക്രിയയാണ്.

2. പ്രളയാനന്തര കേരള പുനർനിർമ്മാണം ലക്ഷ്യമിട്ടുകൊണ്ട് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന കേരള പുനർനിർമ്മാണ വികസന പരിപാടി (Rebuild Kerala Development Program - RKDP) യുടെ നയരേഖ സർക്കാർ അംഗീകരിച്ച് നടപ്പാക്കി വരുന്നു. പുനർനിർമ്മാണത്തെ സംബന്ധിച്ച പരമ്പരാഗത സമീപനം പാടേ മാറ്റിവച്ചുകൊണ്ടുള്ള ഒരു നയസമീപനമാണ് കേരള പുനർനിർമ്മാണ വികസന പരിപാടിയിൽ സ്വീകരിച്ചിട്ടുള്ളത്. ഇതിനായുള്ള പ്രവർത്തനങ്ങൾക്ക് മാർഗനിർദ്ദേശം നൽകുന്ന ഒരു സമഗ്ര പ്രവർത്തനപദ്ധതി റീബിൽഡ് കേരള ഇനിഷ്യേറ്റീവിന്റെ നേതൃത്വത്തിൽ രൂപപ്പെട്ടുത്തിയിട്ടുണ്ട്. പ്രളയ ദുരന്തത്തിൽ നിന്നുള്ള അതിജീവനം എന്നത് ഒരു വെല്ലുവിളിയായും അവസരമായും കണ്ട്, ഭാവിയിൽ ഉണ്ടായേക്കാവുന്ന പ്രകൃതി ദുരന്തങ്ങളെക്കൂടി അതിജീവിക്കാനാകുന്നവിധം കരുതലോടെ കേരളത്തെ പുനർനിർമിക്കുക എന്നതാണ് കേരള പുനർനിർമ്മാണ വികസന പരിപാടി (Rebuild Kerala Development Program - RKDP) ലക്ഷ്യമിടുന്നത്.

3. വെള്ളപ്പൊക്കം പോലുള്ള പ്രകൃതി ദുരന്തങ്ങളും കാലാവസ്ഥാ വ്യതിയാനത്തെത്തുടർന്നുള്ള മറ്റു ഭീഷണികളും പരിഗണിക്കുന്നതും ഭാവിയിലെ ദുരന്തങ്ങളെക്കൂടി ചെറുക്കാൻ ശേഷിയുള്ളതുമായ കേരള പുനർനിർമ്മാണത്തിന് കരുതേകുന്നതാണ് RKDP. 2019-ലും വെള്ളപ്പൊക്കം ആവർത്തിച്ചതോടെ ദുരന്ത പ്രതിരോധ/നിവാരണ സംവിധാനങ്ങളിലും സമീപനങ്ങളിലും കാതലായ മാറ്റം വരേണ്ടതുണ്ടെന്ന തിരിച്ചറിവ് പൊതു സമൂഹത്തിൽ ഉണ്ടായിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ പ്രാദേശിക സമൂഹകേന്ദ്രീകൃത ദുരന്ത നിവാരണ/പ്രതിരോധ പരിപാടികൾ ആസൂത്രണം ചെയ്തു നടപ്പിലാക്കണമെന്ന ആവശ്യം പൊതു സമൂഹത്തിൽ നിന്നും ഉയർന്നു വന്നിട്ടുമുണ്ട്.

6. നിലനിൽക്കുന്ന രീതിശാസ്ത്രത്തിൽ നിന്നുള്ള മാറ്റമാണ് പ്രളയം ഉൾപ്പെടെയുള്ള പ്രകൃതിദുരന്തങ്ങളെ മറികടക്കാനുള്ള മാർഗമായി നാം വിലയിരുത്തുന്നത്. കേരളം പരമ്പരാഗതമായി പാലിച്ചു പോരുന്ന കാഴ്ചപ്പാടുകളിലും നയസമീപനങ്ങളിലും ആവശ്യമായ തിരുത്തലുകൾ വരുത്തി മുന്നേറിയാൽ മാത്രമേ അതിജീവനക്ഷമതയുള്ള കേരള സമൂഹം എന്ന മഹത്തായ ലക്ഷ്യം നേടാനാകൂ. ജനകീയ പങ്കാളിത്തത്തോടെ ഇത്തരം തിരുത്തലുകൾ ആവശ്യമായ മേഖലകൾ കണ്ടെത്തുക എന്ന ലക്ഷ്യവുമായി, വിദഗ്ധരെ മാത്രമല്ല, സംസ്ഥാനത്തെ എല്ലാ ജനങ്ങളെയും പങ്കെടുപ്പിച്ചുകൊണ്ട്, അവരുടെ അറിവും അനുഭവവും ആശയങ്ങളും കൂടി ഉൾക്കൊണ്ടുകൊണ്ട് തികച്ചും ജനകീയവും പ്രായോഗികവുമായ രീതിയിൽ ഒരു ജനപങ്കാളിത്ത ക്യാമ്പയിന് തുടക്കം കുറിക്കുകയാണ്. ആർകെഐയുടെ നേതൃത്വത്തിൽ ഏറ്റെടുക്കുന്ന 'നാം നമുക്കായി' എന്ന് പേരിട്ടിരിക്കുന്ന ജനകീയാസൂത്രണ മാതൃകയിലുള്ള ഈ ക്യാമ്പയിന് രണ്ട് ഘടകങ്ങളാണ് ഉണ്ടാകുക.

1) ജനകീയ പങ്കാളിത്തത്തോടെ അതിജീവനക്ഷമത ഉറപ്പാക്കുന്നതിലേക്കാവശ്യമായ നയ വ്യതിയാനങ്ങളും തിരുത്തലുകളും കണ്ടെത്തുന്നതിനുള്ള വിപുലമായ ക്യാമ്പയിൻ.
2) എല്ലാ തദ്ദേശ സ്വയംഭരണ സർക്കാരുകളിലും ദുരന്ത മാനേജ്മെന്റ് പ്ലാനുകൾ ആസൂത്രണം ചെയ്യൽ.

8. ദുരന്ത ലഘൂകരണം, തയ്യാറെടുപ്പ്, disaster management എന്നീ മേഖലകളിൽ ജനകീയ പങ്കാളിത്തവും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വപരമായ ഇടപെടലും ഉറപ്പാക്കി, പ്രാദേശികമായി ദുരന്ത ലഘൂകരണ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു നടപ്പാക്കിയാൽ ദുരന്തപ്രതിരോധ പ്രവർത്തനങ്ങൾ കൂടുതൽ ക്രിയാത്മകവും ലക്ഷ്യകേന്ദ്രീകൃതവുമാകും. ഇതുമായി ബന്ധപ്പെട്ട ചില പ്രവർത്തനങ്ങൾക്ക് കേരള സംസ്ഥാന ഡിസാസ്റ്റർ മാനേജ്മെന്റ് അതോറിറ്റി മുഖേന തുടക്കമിടാനായിട്ടുണ്ട്. എന്നാലിത് കേരളം മുഴുവനായും വ്യാപിപ്പിക്കേണ്ടത് ഇക്കഴിഞ്ഞ പ്രളയത്തിന്റെ കൂടി പശ്ചാത്തലത്തിൽ നാം ഏറ്റവും പ്രാധാന്യത്തോടെ ഏറ്റെടുക്കേണ്ട പ്രവർത്തനമാണ്.

തദ്ദേശ സ്വയംഭരണ സർക്കാരുകളുടെ അടുത്ത വർഷത്തെ പദ്ധതികൾ ആസൂത്രണം ചെയ്യുന്ന അവസരത്തിൽ തന്നെ ദുരന്തപ്രതിരോധത്തിനും അതിജീവനത്തിനും ഉള്ള പ്രാദേശികമായ പദ്ധതികളും ആസൂത്രണം ചെയ്ത് അംഗീകരിക്കുക വഴി പ്രാദേശിക സർക്കാരുകളുടെ പദ്ധതി ആസൂത്രണത്തിൽ മെച്ചപ്പെട്ട ദുരന്ത പ്രതിരോധവും അതിജീവനക്ഷമതയും ഉറപ്പാക്കാനാകും. എല്ലാ ജനപ്രതിനിധികളും അവർ താമസിക്കുന്ന പ്രദേശത്തെ ഗ്രാമസഭകളിൽ പങ്കെടുത്ത് നേതൃത്വപരമായ പങ്ക് വഹിക്കുമെന്നാണ് സർക്കാർ പ്രതീക്ഷിക്കുന്നത്.

10. തദ്ദേശ സ്വയം ഭരണ സ്ഥാപന തല ദുരന്ത മാനേജ്മെന്റ് പ്ലാനുകളുടെ ഭാഗമായി തയ്യാറാക്കുന്ന പ്രവർത്തനങ്ങൾ, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയും തദ്ദേശ സ്വയംഭരണ വകുപ്പും സംസ്ഥാന ആസൂത്രണ ബോർഡും സംയുക്തമായി ഏറ്റെടുക്കുന്നതാണ്. ഇതു സംബന്ധിച്ച പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നത് കില മുഖേനയായിരിക്കും.

# അനുബന്ധം

**ദുരന്ത നിവാരണ പദ്ധതി ഘടനയും മാർഗ്ഗരേഖയും തയ്യാറാക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ:**

1. പദ്ധതി തയ്യാറാക്കാൻ സഹായകമായ പട്ടികകളും, അവയിലേക്ക് ആവശ്യമായ വിവരങ്ങൾ ശേഖരിക്കുവാനുള്ള മാർഗനിർദേശങ്ങളും, പദ്ധതി രൂപീകരണത്തിനാവശ്യമായ മറ്റു നിർദേശങ്ങളുമാണ് ഈ മാർഗ്ഗരേഖയിൽ ലഭ്യമാക്കിയിരിക്കുന്നത്.
2. ഒന്നാമത്തെ അദ്ധ്യായത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ പൊതു വിവരങ്ങളെ കുറിച്ചാണ് എഴുതേണ്ടത്. ഇതിലേക്ക് വേണ്ട വിവരങ്ങൾ അതാതു വകുപ്പുകളിൽനിന്നും, മറ്റു സ്ഥാപനങ്ങളിലും നിന്നും ലഭ്യമാകും. ഈ വിധത്തിൽ ലഭിക്കാത്ത വിവരങ്ങളോ കൂടുതൽ വിവരങ്ങളോ ആവശ്യമുണ്ടെങ്കിൽ ബന്ധപ്പെട്ട ആളുകളെയോ, സംഘടനകളെയോ ചേർത്ത് ഫോക്കസ് ഗ്രൂപ്പ് ചർച്ചകളിലൂടെയും, പഠന പര്യടനത്തിലൂടെയും(ട്രാൻസെക്റ്റ് വാക്കുകളിലൂടെയും) വിവരങ്ങൾ ശേഖരിക്കാം. ഒന്നാമത്തെ അദ്ധ്യായത്തിലെ പട്ടികകൾ പൂരിപ്പിക്കുമ്പോൾ വാർഡ് തലത്തിലുള്ള വിവരങ്ങൾ കൊടുത്തിരിക്കുന്ന അനുബന്ധങ്ങളുടെ അടിസ്ഥാനത്തിൽ ശേഖരിക്കാൻ പ്രത്യേകം ശ്രദ്ധിക്കുക.
3. വാർഡ് തലത്തിലുള്ള വിവര ശേഖരം ഉടനടി ദുരന്ത ലഘൂകരണ പ്രവർത്തനങ്ങളും, പ്രതികരണ നടപടികളും ഏറ്റെടുക്കുന്നതിന് സഹായകമാകും. **വാർഡ് തല വിവരശേഖരം പദ്ധതിയുടെ ഭാഗമായി വാർഡ് തലത്തിലും പഞ്ചായത്ത് തലത്തിലും സൂക്ഷിക്കേണ്ടതാണ്.**
4. രണ്ടാമത്തെ അദ്ധ്യായത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ ദുരന്ത സാധ്യതകളും അതിന്റെ വിശകലനവും ആണ് ഉൾപ്പെടുത്തേണ്ടത്. പ്രദേശത്തെ ദുരന്ത ഭീഷണിക്കനുസരിച്ച് വേണ്ട തയ്യാറെടുപ്പുകളും ഇടപെടലുകൾ വേണ്ട മേഖലകളും സ്ഥിതീകരിക്കുവാൻ ഇത് സഹായകമാവും. ഇതിലേക്ക് ആവശ്യമായ വിവരങ്ങൾ പ്രധാനമായും സംസ്ഥാന/ ജില്ല തല ദുരന്ത നിവാരണ അതോറിറ്റിയിൽ നിന്നും, പഴയ പഠന റിപ്പോർട്ടുകളിൽ നിന്നും, പഴയ പത്രങ്ങളിൽ നിന്നും ലഭിക്കും. ഇതുകൂടാതെ പ്രദേശ വാസികളെ ചേർത്ത് ഫോക്കസ് ഗ്രൂപ്പ് ചർച്ചകളും, പഠന പര്യടനവും(ട്രാൻസെക്റ്റ് വാക്കുകളും) നടത്താവുന്നതാണ്.
5. മൂന്നാമത്തെ അദ്ധ്യായം ദുരന്ത പ്രതികരണ പദ്ധതിയാണ്. പ്രധാനമായും രൂപീകരിക്കേണ്ട സേനകളും അവയിൽ ഉൾപ്പെടുന്ന ആളുകളുടെ പേര് വിവരങ്ങളുമാണ് ഇതിൽ ഉൾപ്പെടുത്തേണ്ടത്.
6. നാലാമത്തെ അദ്ധ്യായത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ചെയ്യുവാൻ ഉദ്ദേശിക്കുന്ന മുന്നൊരുക്കം, ദുരന്ത ലഘൂകരണം, സാമൂഹ്യ ശാക്തീകരണ പ്രവർത്തനങ്ങളാണ് ഉൾപ്പെടുത്തേണ്ടത്. ഇവ തയ്യാറാക്കുമ്പോൾ ആദ്യത്തെ രണ്ട് അദ്ധ്യായങ്ങളിൽ നിന്നും കണ്ടെത്തിയ കുറവുകളെയും പോരായ്മകളെയും പരിഹരിക്കുന്ന വിധത്തിലുള്ള പ്രവർത്തനങ്ങൾ ഉൾപ്പെടുത്താൻ പ്രത്യേകം ശ്രദ്ധിക്കണം.
7. അഞ്ചാമത്തെ അദ്ധ്യായത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിനുള്ള ശേഷികളെയും വിഭവങ്ങളെയും കുറിച്ചുള്ള പട്ടികപ്പെടുത്തലാണ്. ഈ പ്രക്രിയയിൽ കൂടി ദുരന്ത സാഹചര്യത്തിൽ ആവശ്യമായ വിഭവങ്ങൾ എവിടെ ലഭിക്കും എന്നതിനെ കുറിച്ചുള്ള വിവരങ്ങൾ വ്യക്തമാകും.
8. ആറാമത്തെ അദ്ധ്യായത്തിൽ വിവിധ തലങ്ങളിലേക്ക് കൊടുക്കാവുന്ന ദുരന്ത ലഘൂകരണ പ്രൊജക്റ്റ് നിർദേശങ്ങൾ ആണ് ഉൾപ്പെടുത്തേണ്ടത്. ഈ നിർദേശങ്ങൾ ഒന്നു മുതൽ അഞ്ച് വരെയുള്ള അദ്ധ്യായങ്ങളിൽ നിന്നും തിരിച്ചറിഞ്ഞതായ കുറവുകളും പ്രശ്നങ്ങളും പരിഹരിക്കാൻ തക്കതായിരിക്കണം.
9. ഏഴാമത്തെ അദ്ധ്യായം പ്രധാന ഫോൺ നമ്പറുകളാണ്. ദുരന്ത സാഹചര്യത്തിൽ ഉടനടി ബന്ധപ്പെടേണ്ട ചുമതലപെട്ടവരുടേയും മറ്റു അത്യാഹിത സേവനങ്ങൾ നൽകുന്ന സ്ഥാപനങ്ങളുടെയും നമ്പറുകൾ ഇതിൽ ചേർക്കാം.

# തദ്ദേശ സ്വയംഭരണ സ്ഥാപന ദുരന്തനിവാരണ പദ്ധതിഘടനയും മാർഗ്ഗരേഖയും

ഗ്രാമപഞ്ചായത്തിന്റെ/
നഗരസഭയുടെപേര് ______________________

ബ്ലോക്ക് ______________________

താലൂക്ക് ______________________

വില്ലേജുകൾ ______________________

ജില്ല ______________________

തീയതി ______________________

# ഉള്ളടക്കം


| ക്രമ നമ്പർ | വിശദാംശങ്ങൾ | പേജ് നമ്പർ |
|---|---|---|
| 1. | അദ്ധ്യായം 1: തദ്ദേശ സ്വയം ഭരണ സ്ഥാപനം - പൊതുവിവരങ്ങൾ | 7 |
| 2. | അദ്ധ്യായം 2: ദുരന്തങ്ങളും ദുരന്ത സാധ്യതകളും വിശകലനം | 17 |
| 3. | അദ്ധ്യായം 3: ദുരന്ത പ്രതികരണ പദ്ധതി | 25 |
| 4. | അദ്ധ്യായം 4: മുന്നൊരുക്കം, ലഘൂകരണം, സാമൂഹ്യശാക്തീകരണം | 31 |
| 5. | അദ്ധ്യായം 5: ശേഷികളും വിഭവങ്ങളും | 36 |
| 6. | അദ്ധ്യായം 6: കാലാവസ്ഥാനുസൃത ദുരന്ത ലഘൂകരണ പ്രോജക്ട് നിർദ്ദേശങ്ങൾ | 42 |
| 7. | അദ്ധ്യായം 7: പ്രധാന ഫോൺ നമ്പറുകൾ | 43 |
| 8. | വാർഡ് തലത്തിൽ ശേഖരിക്കേണ്ട അനുബന്ധ വിവരങ്ങൾ | 45 |

# അദ്ധ്യായം- 1

# തദ്ദേശ സ്വയം ഭരണ സ്ഥാപനം - പൊതു വിവരങ്ങൾ

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ കുറിച്ചുള്ള പൊതു വിവരങ്ങൾ ആണ് ഈ അദ്ധ്യായത്തിൽ രേഖപ്പെടുത്തേണ്ടത്. തദ്ദേശഭരണ സ്ഥാപനത്തിന്റെ ഭരണാതിർത്തി, വാർഡുകൾ എന്നിവ രേഖപ്പെടുത്തിയ ഭൂപടം ഈ അദ്ധ്യായത്തിൽ ഉൾപ്പെടുത്താവുന്നതാണ്.

### 1.1 ഭൂപ്രകൃതി

ഭൂപ്രകൃതി സംബന്ധിച്ച വിവരങ്ങളായ മണ്ണിന്റെ ഘടന, സ്വഭാവം, ജലസ്രോതസ്സുകളും സവിശേഷതകളും, മലകൾ/കുന്നുകൾ, വനം, തീരപ്രദേശം തുടങ്ങിയവ സംബന്ധിച്ച് വിശദീകരണം നൽകാം.

### 1.2 ചരിത്രം

ചരിത്രപരമായ പ്രത്യേകതയുള്ള അല്ലെങ്കിൽ പുരാതനമായ പാരമ്പര്യം ഉൾക്കൊള്ളുന്ന പ്രദേശമാണെങ്കിൽ അത്തരം വിവരങ്ങൾ രേഖപ്പെടുത്താവുന്നതാണ്. എന്നാൽ ഇവിടെ കാലവസ്ഥ വ്യതിയാനവും ദുരന്തങ്ങളുമായി ബന്ധപ്പെട്ട ചരിത്രത്തിനാണ് ഊന്നൽ നൽകേണ്ടത്.

### 1.3 പൊതുവിവരങ്ങൾ

തദ്ദേശ സ്വയം ഭരണ സ്ഥാപനത്തെ കുറിച്ചുള്ള പ്രാഥമിക വിവരങ്ങൾ ആണ് ഇവിടെ നൽകേണ്ടത്. സെൻസസ് ഡാറ്റ 2011 കൂടാതെ സമീപകാലത്ത് പുതുക്കിയ ഏത് ഡാറ്റയും പ്രാദേശിക സർക്കാരിന് ഉപയോഗിക്കാവുന്നതുമാണ്. എന്നാൽ, ഉപയോഗിക്കുന്ന ഡാറ്റാ ഉറവിടം പ്രത്യേകം പരാമർശിക്കേണ്ടതുണ്ട്.

**പട്ടിക 1.1 ജനസംഖ്യാ സ്ഥിതിവിവരങ്ങൾ**

| വിഭാഗം | സ്ത്രീ | പുരുഷൻ | ട്രാൻസ്ജൻഡർ | ആകെ |
|---|---|---|---|---|
| ജനസംഖ്യ | | | | |
| കുട്ടികൾ: 0-6 | | | | |
| എസ്.സി | | | | |
| എസ്.ടി | | | | |

(സ്രോതസ്: )

**പട്ടിക 1.2 : തദ്ദേശസ്വയംഭരണസ്ഥാപനം- പൊതുവിവരങ്ങൾ**

| | |
|---|---|
| വാർഡുകൾ | |
| അക്ഷാംശ -രേഖാംശ വിവരങ്ങൾ | |

(സ്രോതസ്: )

പട്ടിക 1.3 ൽ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ വാർഡ് തല വിഭജന വിവരങ്ങൾ രേഖപ്പെടുത്തുക.

**പട്ടിക 1.3: റവന്യൂ വില്ലേജ് അടിസ്ഥാനത്തിൽ പഞ്ചായത്ത് വാർഡ് വിന്യാസം**

| ക്രമനമ്പർ | റവന്യൂ വില്ലേജിന്റെ പേര് | റവന്യൂ വില്ലേജിന്റെ പരിധിയിൽ വരുന്ന വാർഡുകൾ, നമ്പറും പേരും |
|---|---|---|
| | | |
| | | |

(സ്രോതസ്: )

### 1.4 സമ്പദ് ഘടന

ദുരന്ത നിവാരണവുമായി ബന്ധപ്പെട്ട വരുന്ന ഭാവി ആസൂത്രണത്തിന് സമ്പദ് ഘടനയുടെ വിശദാംശങ്ങൾ ഉപകരിക്കും.ഈ ഡാറ്റ രണ്ടാം അധ്യായത്തിലെ സാമ്പത്തികദുർബലത രൂപപെടുത്തുമ്പോൾ ഉപയോഗിക്കാവുന്നതുമാണ്. അതിലൂടെ സമൂഹത്തിലെ സാമ്പത്തികമായി ദുർബലരായ വിഭാഗം ദുരന്തബാധിത പ്രദേശങ്ങളിൽ താമസിക്കുന്നവരാണെങ്കിൽ അവർക്ക് കൂടുതൽ ശ്രദ്ധ നൽകാനാകും.ദുരന്തങ്ങളുടെ ചരിത്രംപട്ടികയുമായി ബന്ധിപ്പിച്ച പഠനം നടത്താൻ സഹായിക്കും.തദ്ദേശഭരണ സ്ഥാപനം ഉൾക്കൊള്ളുന്ന പ്രദേശത്തിന്റെ സമ്പദ് ഘടനയെ സ്വാധീനിക്കുന്ന മേഖലകൾ (കാർഷിക മേഖല, സേവന മേഖല തുടങ്ങിയവ), പ്രധാന ഉപജീവന മാർഗ്ഗങ്ങൾ, ജനങ്ങളുടെ സാമ്പത്തികാവസ്ഥ എന്നിവ വിശദീകരിക്കാം.

### 1.4.1. സാമ്പത്തിക സ്ഥിതി വിവരം

**പട്ടിക 1.4:സാമ്പത്തിക സ്ഥിതി വിവരം**

| വാർഡ് നമ്പർ | ജനസംഖ്യ | ആകെ കുടുംബങ്ങളുടെ എണ്ണം | കുടുംബങ്ങളുടെഎണ്ണം | | | |
|---|---|---|---|---|---|---|
| | | | AAY (മഞ്ഞ കാർഡ്) | മുൻഗണനാ ഗ്രൂപ്പ്(പിങ്ക് കാർഡ്) | സബ്സിഡി ഉള്ളവർ(നീല കാർഡ്) | APL (വെള്ള കാർഡ്) |
| | | | | | | |
| | | | | | | |
| ആകെ | | | | | | |

(സ്രോതസ്: )

### 1.4.2 ഉപജീവന രേഖ

ഉപജീവന രേഖയുടെ വിശദാംശങ്ങൾ ശേഖരിക്കുന്നത് സാമൂഹിക, സാമ്പത്തിക പശ്ചാത്തലത്തിൽ ദുരന്ത സാധ്യതയുള്ള അടിസ്ഥാന സൗകര്യങ്ങൾ തിരിച്ചറിയാൻ സഹായിക്കും. ഇത് രണ്ടാം അധ്യായത്തിൽ പ്രയോജനപ്പെടും.തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ പ്രധാനഉപജീവനമാർഗത്തെ കുറിച്ചാണ് ഇവിടെ പ്രതിപാദിക്കേണ്ടത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ സ്ഥിരം താമസക്കാരുടെ ഉപജീവന മാർഗങ്ങളോടൊപ്പം തന്നെ അതിഥി തൊഴിലാളികളുടെ വിവരങ്ങളും ഇവിടെ ഉൾപ്പെടുത്തേണ്ടതാണ്.ഓരോ ഡാറ്റയും ബന്ധപ്പെട്ട വകുപ്പുകളിൽ നിന്ന് ലഭ്യമാകുന്നതാണ്.ഉദാഹരണത്തിന് അതിഥി അവിദഗ്ധ തൊഴിലാളികളുടെ വിശദാംശങ്ങൾ പിഎച്ച്സിയിൽ ലഭ്യമാകും.

പട്ടിക 1.5 ൽ ഓരോ തൊഴിലും അതിൽ ഉൾപ്പെടുന്നവരുടെ എണ്ണം,പ്രസ്തുത തൊഴിൽ കൂടുതൽ ചെയ്യുന്നവർ, താമസിക്കുന്ന വാർഡിന്റെ നമ്പർ എന്നിവയാണ് ഇവിടെ ചേർക്കേണ്ടത്.അനുബന്ധം 1 (പേജ് നം. 45) ൽ ചേർത്തിട്ടുള്ള വാർഡ് തിരിച്ചുള്ള ലിസ്റ്റുകളിൽനിന്ന് ഏകീകരിച്ച് പട്ടിക 1.5 പൂരിപ്പിക്കാവുന്നതാണ്. വാർഡുകളുടെ എണ്ണംഅനനുസരിച്ച് കൂടുതൽ കോളങ്ങൾ അനുബന്ധത്തിൽചേർക്കാം.

**പട്ടിക 1.5:വിവിധ മേഖലകളിൽ തൊഴിലെടുക്കുന്നവർ**

| ക്രമ നമ്പർ | പ്രധാന തൊഴിൽ | എണ്ണം (ലഭ്യമാണെങ്കിൽ) | പ്രധാനമായും ഉള്ള വാർഡുകൾ |
|---|---|---|---|
| 1 | കർഷകർ | | |
| 2 | കർഷക തൊഴിലാളികൾ | | |
| 3 | മത്സ്യ ബന്ധനത്തിലേർപ്പെടുന്നവർ | | |
| 4 | പരമ്പരാഗത തൊഴിലെടുക്കുന്നവർ | | |
| 5 | ദിവസ കൂലിക്കാർ | | |
| 6 | അതിഥിഅവിദഗ്ദ്ധ തൊഴിലാളികൾ | | |
| 7 | വ്യാപാരി/വ്യവസായികൾ | | |
| 8 | നിർമ്മാണ തൊഴിലാളികൾ | | |
| 9 | ചെറുകിട കച്ചവടക്കാർ | | |
| 10 | ശമ്പള ജോലിക്കാർ: സർക്കാർ | | |
| 11 | ശമ്പള ജോലിക്കാർ: സ്വകാര്യം | | |
| 12 | പ്രവാസികൾ | | |
| 13 | മറ്റുള്ളവർ | | |

(സ്രോതസ്: )

ഉപജീവനവുമായി ബന്ധപ്പെട്ട് വരുന്ന പൊതുവിവരങ്ങൾ പട്ടിക 1.6 ൽ രേഖപ്പെടു ാം.രണ്ടാം കോളം ഓരോന്നും എത്ര യൂണിറ്റുകൾ എന്നാണ് രേഖപ്പെടുത്തേണ്ടത്. ഓരോ വാർഡിലുമുള്ള വിവരങ്ങൾ അനുബന്ധം 2(പേജ് നം.46) ൽ രേഖപ്പെടുത്തി വയ്ക്കണം.

**പട്ടിക 1.6: ഉപജീവന തൊഴിലുകൾ**

| ക്രമ നമ്പർ | തൊഴിൽ | യൂണീറ്റുകളുടെ എണ്ണം (ഷെഡുകൾ/മത്സ്യക്കുളങ്ങൾ/ ടാങ്ക് തുടങ്ങിയവ) |
|---|---|---|
| 1. | കോഴി/ താറാവ് വളർത്തൽ | |
| 2. | ക്ഷീര കൃഷി(പശു/എരുമ) | |
| 3. | പന്നി വളർത്തൽ | |
| 4 | ആട് വളർത്തൽ | |
| 5. | മറ്റേതെങ്കിലുംവളർത്തുമൃഗങ്ങൾ | |
| 6. | മത്സ്യകൃഷി/ അലങ്കാരമത്സ്യകൃഷി | |

(സ്രോതസ്: )

1.4.3 അടിസ്ഥാന സൗകര്യങ്ങൾ

ദുരിതാശ്വാസ ക്യാമ്പുകൾ, രക്ഷപ്രവർത്തനങ്ങൾ ദുരന്ത ലഘൂകരണം എന്നിവ ആസൂത്രണം ചെയ്യുന്നതിന് അടിസ്ഥാന സൗകര്യങ്ങളുടെ വിവരങ്ങൾ അനിവാര്യമാണ്.തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ പൊതു ആസ്തികളെ കുറിച്ചാണ് പട്ടിക 1 .7 ൽ രേഖപ്പെടുത്തേണ്ടത്. ഓരോ വാർഡിലും ഉള്ള പൊതു ആസ്തികൾക്ക് താഴെ '✓' രേഖപ്പെടുത്തുക. ഇതിൽ പറഞ്ഞിട്ടുള്ള പൊതുആസ്തികൾക് പുറമെ മറ്റേതെങ്കിലും ആസ്തികൾ ലഭ്യമായാൽ അതും ഉൾപ്പെടുത്തുക. വിശദ്ധ വിവരങ്ങൾ രണ്ടാം അധ്യായത്തിൽ പ്രതിപാദിക്കുന്നു. മാർക്കറ്റ് എന്നതുകൊണ്ടുദ്ദേശിക്കുന്നത് എല്ലാ വിധ ഗ്രാമീണ ചന്തകളുമാണ്.

പട്ടിക 1.7: പൊതു ഉപജീവന അടിസ്ഥാന സൗകര്യങ്ങൾ

| വാർഡ് | മാർക്കറ്റ് | പാൽശേഖരണ കേന്ദ്രം | VFPCKശേഖരണ കേന്ദ്രം | കൃഷിഭവൻ | വിത്ത് ഫാമുകൾ | സംഭരണ ശാല | വെറ്റിനറി ക്ലിനിക് | അഗ്രി / ഹോർട്ടി നഴ്സറി | മത്സ്യ ഫെഡ് | സി.എഫ്.സി. |
|---|---|---|---|---|---|---|---|---|---|---|
| | | | | | | | | | | |
| | | | | | | | | | | |

(സ്രോതസ്: )

1.5 വിദ്യാഭ്യാസം:

1.5.1 വിദ്യാഭ്യാസ സ്ഥാപനങ്ങൾ :

നഴ്സറികൾ, ഡേ കെയറുകൾ, സ്കൂളുകൾ, കോളേജുകൾ, മറ്റ് ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവയുടെ വിവരങ്ങൾ പട്ടിക 1.8 ൽ കൊടുത്തിട്ടുള്ള രീതിയിൽ ഇവിടെ രേഖപ്പെടുത്തുക. അനുബന്ധം 3 (പേജ് നം: 47) യിൽ കൊടുത്തിട്ടുള്ള ഫോറത്തിൽ ബന്ധപ്പെട്ട വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ വാർഡ് തല വിവരങ്ങൾ ശേഖരിച്ച് ക്രോഡീകരിച്ച് പട്ടിക 1.8 രേഖപ്പെടുത്താവുന്നതാണ്

പട്ടിക 1.8 വിദ്യാഭ്യാസസ്ഥാപനങ്ങൾ:സർക്കാർ/എയ്ഡഡ്

| തരം | എണ്ണം | | |
|---|---|---|---|
| | സർക്കാർ | എയ്ഡഡ് | അൺ-എയ്ഡഡ് |
| നഴ്സറികൾ/<br>ഡേ കെയറുകൾ | | | |
| പ്രൈമറി സ്കൂൾ | | | |
| യു.പി. | | | |
| ഹൈസ്കൂൾ | | | |
| ഹയർ സെക്കന്ററി സ്കൂൾ | | | |
| വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂൾ | | | |
| കോളേജ് | | | |
| ഗവേഷണ സ്ഥാപനങ്ങൾ | | | |
| ഹോസ്റ്റലുകൾ | | | |
| സ്പെഷ്യൽ സ്കൂൾ | | | |
| മറ്റുള്ളവ (ഐ.റ്റി.ഐ, പോളിടെക്നിക്ക് മുതലായവ) | | | |

(സ്രോതസ്: )

### 1.5.2 അങ്കണവാടി

വാർഡ്, സ്ഥിതിചെയ്യുന്ന സ്ഥലം, അങ്കണവാടി നമ്പർ, കുട്ടികളുടെ എണ്ണം എന്ന തരത്തിൽ ആകെ അങ്കണവാടികളും ആകെ കുട്ടികളുടെയും എണ്ണം രേഖപ്പെടുത്തേണ്ടതാണ്.

പട്ടിക 1.9: അങ്കണവാടികൾ

| വാർഡ് | അങ്കണവാടികളുടെ നമ്പർ | സ്ഥിതി ചെയ്യുന്ന സ്ഥലം | സ്വന്തം കെട്ടിടം '✓' രേഖപ്പെടുത്തുക | വാടകയ്ക്ക് '✓' രേഖപ്പെടുത്തുക |
|---|---|---|---|---|
| | 1<br>2 | | | |
| | | | | |

(സ്രോതസ്: )

### 1.6 ആരോഗ്യസ്ഥാപനങ്ങൾ:

ഓരോ ആരോഗ്യ സ്ഥാപനവും (PHC/CHC/FHC/ sub centre ആശുപത്രികൾ/ ക്ലിനിക്കുകൾ, പാരാ മെഡിക്കലുകൾ) എന്നിവയുടെ ഉടമസ്ഥത, സ്ഥലം, കിടക്കകളുടെ എണ്ണം എന്നിവയും; മറ്റ് സൗകര്യങ്ങൾ എന്ന കോളത്തിൽ ആംബുലൻസ്, വെന്റിലേറ്റർ, ആന്റി സ്നേക്ക് വെനം, മോർച്ചറി, മൊബൈൽ മോർച്ചറി, ലാബോറട്ടറി, എക്സ്റേ യൂണിറ്റ് തുടങ്ങിയ സൗകര്യങ്ങളുടെ വിശദാംശങ്ങളും രേഖപ്പെടുത്തുക.

പട്ടിക 1.10: ആരോഗ്യ സംരക്ഷണ സ്ഥാപനങ്ങൾ

| വാർഡ് നമ്പർ | പേര് | സ്ഥിതി ചെയ്യുന്ന സ്ഥലം | സർക്കാർ / /സ്വകാര്യം | ഫോൺ നമ്പർ | കിടക്കകളുടെ എണ്ണം | സൗകര്യം (ഐ.സി.യു, ട്രോമ കെയർ) | മറ്റ് സൗകര്യങ്ങൾ |
|---|---|---|---|---|---|---|---|
| | | | | | | | |
| | | | | | | | |
| | | | | | | | |
| | | | | | | | |

(സ്രോതസ്: )

പട്ടിക 1.11: മൃഗാശുപത്രി / ഡിസ്പെൻസറി

| ക്രമ നമ്പർ | പേര് | സ്ഥിതി ചെയ്യുന്ന സ്ഥലം, | വാർഡ് നമ്പർ | ഫോൺ നമ്പർ | സർക്കാർ / സ്വകാര്യം |
|---|---|---|---|---|---|
| 1 | | | | | |
| 2 | | | | | |
| 3 | | | | | |
| 4 | | | | | |

(സ്രോതസ്: )

## 1.7. കമ്മ്യൂണിറ്റി സെന്ററുകൾ:

കമ്മ്യൂണിറ്റി സെന്ററുകളുടെ വിശദാംശങ്ങൾ രേഖപ്പെടുത്തുമ്പോൾ അവയുടെ ഉടമസ്ഥാവകാശം(സംഘടന/മത/സഹകരണ/സ്വകാര്യ/സർക്കാർ) വ്യക്തമാക്കുക

പട്ടിക 1.12 കമ്മ്യൂണിറ്റി സെന്ററുകൾ / ഹാളുകൾ

| ക്രമ നമ്പർ | പേര് | വാർഡ് നമ്പർ | സ്ഥിതി ചെയ്യുന്ന സ്ഥലം | ബന്ധപ്പെടേണ്ട ഫോൺ നമ്പർ | ഉടമസ്ഥാവകാശം | ചതുരശ്ര മീറ്റർ വിസ്തീർണ്ണം | സൗകര്യങ്ങൾ | | | | |
|---|---|---|---|---|---|---|---|---|---|---|---|
| | | | | | | | വെള്ളത്തിന്റെ ലഭ്യത | വൈദ്യുതി | അടുക്കള | ശൗചാലയം | കുളിമുറി |
| | | | | | | | | | | | |
| | | | | | | | | | | | |
| | | | | | | | | | | | |
| | | | | | | | | | | | |

(സ്രോതസ്: )

### 1.8. മത കേന്ദ്രങ്ങൾ:

മത കേന്ദ്രങ്ങളെ കുറിച്ച് വാർഡ് തലത്തിൽ കൂടുതൽ വിശദാംശങ്ങൾ അനുബന്ധം 4 (പേജ് നം. 48) -ൽ ശേഖരിക്കാം. അതിൽ നിന്ന് ക്രോഡീകരിച്ച വിവരങ്ങൾ പട്ടിക 1.13 ൽ ചേർക്കാം.ആരാധനാലയങ്ങൾ പലപ്പോഴും ദുരന്ത ബാധിദരെ താമസിപ്പിക്കുന്നതിനോ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്ന കേന്ദ്രങ്ങളായോ ഉപയോഗിക്കേണ്ടതായി വന്നേക്കാം. ആയതിനാൽ സ്ഥല സൗകര്യങ്ങളുള്ള ആരാധനാലയങ്ങളുടെ വിവരങ്ങളാണ് ഇവിടെ രേഖപ്പെടുത്തേണ്ടത്.

**പട്ടിക 1.13 മതകേന്ദ്രങ്ങൾ**

| ക്രമ നമ്പർ | തരങ്ങൾ | എണ്ണം | സ്ഥിതി ചെയ്യുന്ന വാർഡുകൾ |
|---|---|---|---|
| 1 | ക്രിസ്ത്യൻ പള്ളികൾ | | |
| 2 | ക്ഷേത്രം | | |
| 3 | മുസ്ലിം പള്ളി | | |
| 4 | മറ്റുള്ളവ | | |

(സ്രോതസ്: )

### 1.9. പശ്ചാത്തല സൗകര്യങ്ങൾ:

#### 1.9.1. റോഡുകൾ

റോഡിന്റെ ദുരന്താപകട സാധ്യതകൾ അറിയാനാണ് ഈ ഫോറം. അതിനനുസരിച്ച് അവയ്ക്ക് നിർമാണ /അറ്റകുറ്റ പ്രവർത്തികൾ ആവശ്യമാണെങ്കിൽ ഈ വിവരം സഹായകരമാകും. വിഭാഗം എന്ന കോളത്തിൽ റോഡിന്റെ തരവും തദ്ദേശ സ്വയംഭരണ സ്ഥാപനത്തിനുള്ളിലെ ദൈർഘ്യവുമാണ് എഴുതേണ്ടത്. അനുബന്ധം 5(പേജ് നം.49) ൽ വെള്ളപ്പൊക്കം, മണ്ണിടിച്ചിൽ എന്നീ ദുരന്തങ്ങൾ കൊണ്ട് പതിവായി മുങ്ങിപ്പോകുന്നതോ തകരുന്നതോ ആയ ഭാഗത്തിന്റെ/പ്രദേശത്തിന്റെ പേരും മുങ്ങിപ്പോകാവുന്ന നീളവും ആണ് രേഖപ്പെടുത്തേണ്ടത്. റോഡിന്റെ സ്ഥിതി - നല്ലത്, ശരാശരി, മോശം എന്നിങ്ങനെ രേഖപ്പെടുത്തുക. **ഈ** അനുബന്ധം 5, വാർഡ് തല രേഖയിൽ ക്രോഡീകരിച്ച് പഞ്ചായത്തിൽ സൂക്ഷിക്കേണ്ടതാണ്. ഇവ പഞ്ചായത്ത് ദുരന്ത സാധ്യതാ മാപ്പിൽ രേഖപ്പെടുത്തേണ്ടതാണ്.

**പട്ടിക 1.14റോഡുകൾ**

| ക്രമ നമ്പർ | വിഭാഗം | ആകെ ദൈർഘ്യം (കി.മി) | ദുരന്ത സാധ്യതയുള്ള ദൈർഘ്യം (കി.മി) | റിപ്പയർ വേണ്ട ദൈർഘ്യം (കി.മി) |
|---|---|---|---|---|
| 1 | തദ്ദേശ സ്വയംഭരണ സ്ഥാപന റോഡ് | | | |
| 2 | അദർ ഡിസ്ട്രിക്ട് റോഡ് | | | |
| 3 | സംസ്ഥാനം | | | |
| 4 | ദേശീയ പാത | | | |
| 5 | മേജർ ജില്ലാ റോഡ് | | | |

(സ്രോതസ്: )

### 1.9.2 പാലങ്ങൾ

പട്ടിക 1.15 ൽ പാലങ്ങളെ സംബന്ധിക്കുന്ന വിശദവിവരങ്ങളാണ് രേഖപ്പെടുത്തേണ്ടത്. ഈ വിശദാംശങ്ങളിൽ നിന്നും തദ്ദേശ സ്വയംഭരണ സ്ഥാപനം എന്തൊക്കെ നിർമാണ/അറ്റകുറ്റ പ്രവർത്തനങ്ങൾ ഏറ്റെടുക്കണം എന്നും വ്യക്തമാകും.പാലങ്ങളുടെ തരം (ഇരുമ്പ്, മരത്തടി, കലുങ്ക്, ചെക്ക് ഡാം, മൈക്രോ ഹൈഡൽ പ്രോജക്ട്) വിശദമാക്കുക. അനുബന്ധം 6(പേജ് നം 8)ൽ പാലങ്ങളെ സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തേണ്ടതാണ്.

**പട്ടിക 1.15: പാലങ്ങളും അനുബന്ധ ഘടനകളും (എണ്ണം)**

| ക്രമ നമ്പർ | തരം | എണ്ണം | വാഹന യോഗ്യമായത് | വാഹന യോഗ്യമല്ലാത്തത് | സുരക്ഷിതമല്ലാത്തത് | അറ്റകുറ്റ പണി ആവശ്യമുള്ള വയുടെ |
|---|---|---|---|---|---|---|
| 1 | കോൺക്രീറ്റ് | | | | | |
| 2 | മരത്തടി | | | | | |
| 3 | ഇരുമ്പുപാലം | | | | | |
| 4 | കലുങ്ക് | | | | | |
| 5 | ചെക്ക് ഡാം | | | | | |
| 6 | മൈക്രോ ഹൈഡൽ പ്രോജക്ട് | | | | | |
| 7 | മറ്റുള്ളവ | | | | | |

(സ്രോതസ്: )

### 1.9.3 വാസ യോഗ്യമായ കെട്ടിടങ്ങൾ:

വ്യത്യസ്ത തരത്തിലുള്ള ഭവനങ്ങളും (മേഞ്ഞത്, ഓട്, ആസ്ബറ്റോസ് തുടങ്ങിയവ) അവയിൽ താമസിക്കുന്ന കുടുംബങ്ങളുടെ എണ്ണവുമാണ് ഇവിടെ പ്രതിപാദിക്കേണ്ടത്.അനുബന്ധം 7(പേജ് നം.51) ലെ വാർഡ് തിരിച്ചുള്ള ലിസ്റ്റുകളിൽ നിന്ന് ക്രോഡീകരിച്ച് പട്ടിക 1.16 ൽ രേഖപ്പെടുത്താവുന്നതാണ്.

**പട്ടിക 1.16 :വാസയോഗ്യമായ കെട്ടിട വിവരം (എണ്ണം)**

| ക്രമ നമ്പർ | വീടിന്റെ തരം | വീട്ടുകൾ |
|---|---|---|
| 1 | മേഞ്ഞ വീട് (ഓല, പുല്ല്, വയ്ക്കോൽ) | |
| 2 | ഓടിട്ട വീട് | |
| 3 | ആസ്ബറ്റോസ്/ഷീറ്റ് | |
| 4 | പക്ക(കോൺക്രീറ്റ് വീടുകൾ ഉൾപ്പെടെ)<br>**അപ്പാർട്ട്മെന്റ് /ഫ്ലാറ്റുകൾ രേഖപ്പെടുത്തേണ്ടതില്ല* | |
| 5 | ടെറസ്സുള്ള പക്ക | |
| 6 | ഒഴിഞ്ഞു കിടക്കുന്ന വീടുകൾ | |
| 7 | മറ്റെന്തെങ്കിലും | |

(സ്രോതസ്: )

### 1.9.4 അപ്പാർട്ടുമെന്റുകൾ/ ഫ്ലാറ്റുകൾ

വാർഡ് തിരിച്ച് അപാർട്മെന്റുകളുടെയും ഫ്ളാറ്റുകളുടെയും ആകെ എണ്ണവും അവയിൽ താമസിക്കുന്ന കുടുംബങ്ങളുടെ എണ്ണവും രേഖപ്പെടുത്തുക. അപ്പാർട്ട്മെന്റുകളുടെ നിലകൾ രേഖപ്പെടുത്തുമ്പോൾ ബേസ്മെൻറ് സഹിതംരേഖപ്പെടുത്തുവാൻ പ്രത്യേകം ശ്രദ്ധിക്കുക.

പട്ടിക 1.17 : അപ്പാർട്ടുമെന്റുകളുടെയും ഫ്ലാറ്റുകളുടെയും വിശദാംശങ്ങൾ (എണ്ണം)

| വാർഡ് നമ്പർ | അപ്പാർട്ടുമെന്റുകൾ/ ഫ്ലാറ്റുകൾ | നിലകളുടെ എണ്ണം | കുടുംബങ്ങൾ | കുടുംബാംഗങ്ങളുടെ എണ്ണം |
|---|---|---|---|---|
| | | | | |
| | | | | |

(സ്രോതസ്: )

### 1.9.5 കോളനികൾ

കോളനികളുടെ പേരും കുടുംബങ്ങളുടെ എണ്ണവും കോളിനിയിലേക്ക് എത്തിച്ചേരുന്ന റോഡുകളും രേഖപ്പെടുത്തുക.

പട്ടിക 1.18:ലോ ഇൻകം ഗ്രൂപ്പ്/കോളനികൾ/വാസസ്ഥലങ്ങൾ

| വാർഡ് നമ്പർ | കോളനിയുടെ/വാസസ്ഥലത്തിന്റെ പേര് | സ്ഥലം, എത്തിച്ചേരാനുള്ള പ്രധാന റോഡും | കുടുംബങ്ങളുടെ എണ്ണം | കുടുംബാംഗങ്ങളുടെ എണ്ണം |
|---|---|---|---|---|
| | | | | |
| | | | | |

(സ്രോതസ്: )

### 1.9.6. ജലസേചന, ജലവൈദ്യുത സംവിധാനങ്ങൾ

തദ്ദേശ സ്വയംഭരണ സ്ഥാപന തലത്തിലുള്ള മനുഷ്യനിർമ്മിതമായ ജലസേചന ജലവൈദ്യുത സംവിധാനങ്ങളുടെഎണ്ണം, അവയുടെ വിസ്തൃതി എന്നിവയാണ് എഴുതേണ്ടത്. ഇതിന്റെ വാർഡ് തലം പ്രത്യേകം പേരെഴുതി; ഓരോ കനാലിന്റെയും, ഡ്രെയിനേജിന്റെയും(തദ്ദേശ സ്വയം ഭരണ സ്ഥാപന അതിർത്തിക്കുള്ളിലുള്ളവ മാത്രം) പേരും, ഒഴുകുന്ന/ ഒഴുക്ക് തടസപ്പെട്ട / മെയിന്റനൻസ് ആവശ്യമുള്ള ദൈർഘ്യവും അനുബന്ധമായി എഴുതണം. ഈ വിവരം പഞ്ചായത്തിന്റെ ഇടപെടലുകൾക്ക് സഹായകരമാകും. വാർഡ് തിരിച്ചുള്ള വിവരങ്ങൾക്കായി അനുബന്ധം 8(പേജ് നം.52) പരിശോധിക്കുക.

പട്ടിക 1.19: ജലസേചന, ജലവൈദ്യുത സംവിധാനങ്ങൾ - മനുഷ്യനിർമ്മിതം

| ക്രമ നമ്പർ | തരങ്ങൾ | എണ്ണം | വിസ്തൃതി | പരിപാലനസ്ഥിതി |
|---|---|---|---|---|
| 1 | ഡ്രെയിനേജ് | | | |
| 2 | ജലസേചന കനാലുകൾ | | | |
| 3 | ODകിണറുകൾ | | | |
| 4 | കുഴൽ കിണറുകൾ | | | |
| 5 | അണക്കെട്ടുകൾ | | | |

(സ്രോതസ്: )

### 1.9.7 പ്രകൃതിദത്ത ജലാശയങ്ങൾ

നദി,തോട്, കായൽ, കുളം, തണ്ണീർത്തടം, ചതുപ്പ് തുടങ്ങിയവയുടെ വിവരങ്ങളാണ് പട്ടിക 1.20 ൽ കൊടുക്കേണ്ടത്. നദികളുടെയും കായലുകളുടെയും പേര് പ്രത്യേകമായി രേഖപ്പെടുത്തണം. തോടുകളുടെ/നദികളുടെ പരിപാലനം ആവശ്യമുള്ള ഭാഗവും രേഖപ്പെടുത്തണം. വാർഡ് തല വിവരങ്ങൾ അനുബന്ധം 9 (പേജ് നം.53) ൽ രേഖപ്പെടുത്തി ക്രോഡീകരിച്ചെഴുതുക.

പട്ടിക 1.20 :പ്രകൃതിദത്ത ജലാശയങ്ങൾ

| ക്രമ നമ്പർ | തരങ്ങൾ | പേര്, സ്ഥലം | പൊതു/ സ്വകാര്യം | ഉൾപ്പെടുന്ന വാർഡുകൾ | നീളം (മീ) | വിസ്തൃതി | തടസ്സപ്പെട്ട /ഒഴുകുന്ന / നന്നാക്കൽ ആവശ്യമുള്ള ഭാഗം ഉൾകൊള്ളുന്ന വാർഡ് | നന്നാക്കൽ ആവശ്യമുള്ള | |
|---|---|---|---|---|---|---|---|---|---|
| | | | | | | | | നീളം | വിസ്തൃതി |
| 1 | നദി | | | | | | | | |
| 2 | തോട് | | | | | | | | |
| 3 | കായൽ | | | | | | | | |
| 4 | കുളങ്ങൾ/ ചിറ/തടാകം | | | | | | | | |
| 5 | തണ്ണീർത്തടം /ചതുപ്പ്/ കണ്ടൽ | | | | | | | | |
| 6 | നെൽവയൽ | | | | | | | | |
| 7 | കൊക്കർണി | | | | | | | | |

(സ്രോതസ്: )

### 1.10 നിർവഹണ ഉദ്യോഗസ്ഥർ

അടിയന്തിര കാലഘട്ടത്തിൽ ഏത് ഉദ്യോഗസ്ഥരുമായി ബന്ധപ്പെടണമെന്ന തിരിച്ചറിയൽ പ്രക്രിയ എളുപ്പമാക്കാനായി പ്രാഥമിക വിവരശേഖരണത്തിൽ അവരുടെ വിവരങ്ങളും ഉൾപ്പെടുത്തുക.

പട്ടിക 1.21 :നിർവഹണ ഉദ്യോഗസ്ഥരുടെ പട്ടിക

.............തീയതിവരെ

| പേര് | പദവി | ഓഫീസ് | ഔദ്യോഗിക ഫോൺ നമ്പർ | വ്യക്തിഗത ഫോൺ നമ്പർ |
|---|---|---|---|---|
| | | | | |
| | | | | |
| | | | | |
| | | | | |
| | | | | |

# അദ്ധ്യായം- 2

## കാലാവസ്ഥ വ്യതിയാനം, ദുരന്തസാധ്യതകൾ -വിശകലനം

തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ വികസന പദ്ധതികൾ തയ്യാറാക്കുമ്പോൾ ആ പ്രദേശത്തെ ബാധിക്കാനിടയുള്ള ദുരന്ത സാദ്ധ്യതകൾ കൂടി പരിഗണിക്കേണ്ട സാഹചര്യത്തിലേക്ക് കേരളം മാറുകയാണ്. ഇത്തരം സാധ്യതകൾകൂടി പരിഗണിച്ചാലേ ഒരു ജന സൗഹൃദ സുസ്ഥിര ഹരിത വികസനത്തിലേക്ക് കേരളത്തെ നയിക്കാനാവൂ. ഓരോ പ്രദേശത്തെയും ബാധിക്കാനിടയുള്ള പ്രകൃതി ദുരന്തങ്ങളുടെ ചരിത്രം, കാലാവസ്ഥ വ്യതിയാനം കാരണം ഉണ്ടായ മാറ്റങ്ങൾ, അതിന്റെ കാലഗണന, ബാധിക്കാൻ സാധ്യതയുള്ള ജനവിഭാഗം, പ്രദേശങ്ങൾ, ഏതെല്ലാം തരത്തിലുള്ളവ എന്നിവയൊക്കെ ഈ അധ്യായത്തിൽ രേഖപ്പെടുത്തണം.

കാലാവസ്ഥ വ്യതിയാനം മുതൽ ഉണ്ടായ മാറ്റങ്ങളുടെയും, ദുരന്തസാധ്യതകളുടെ ചരിത്രം അറിഞ്ഞിരിക്കുന്നത് ഭാവിയിൽ സംഭവിക്കാൻ ഇടയുള്ള ദുരന്തങ്ങളെയും അതിന്റെ സ്വഭാവങ്ങളേയും പ്രത്യേകതകളെയും സംബന്ധിച്ച മനസ്സിലാക്കാൻ സഹായിക്കും. ഒരു ഹരിത വികസന ഭാവിയിലേക്കുള്ള പ്രയാണത്തിൽ തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന് ആപത് സാധ്യതകൾ പരമാവധി കുറയ്ക്കുന്നതിനും അഥവാ ഉണ്ടായാൽ തന്നെ അതിന്റെ ആഘാതം ലഘൂകരിക്കുന്നതിനും ഇത്തരം വിവരശേഖരണം സഹായകമാവും. ദുരന്ത സമയത്ത് വളരെ വേഗം അതിനോട് പ്രതികരിക്കുന്നതിനും, രക്ഷപ്രവർത്തനങ്ങൾ, പുനരധി വാസ പ്രവർത്തനങ്ങൾ, പുനർ നിർമ്മാണ പ്രവർത്തനങ്ങൾ എന്നിവ ചിട്ടപ്പെടുത്തുമ്പോൾ അരക്ഷിതാവസ്ഥ കൂടുതലുള്ള പ്രദേശങ്ങൾക്കും വിഭാഗങ്ങൾക്കും മുൻഗണന നൽകുന്നതിനും ഇത് സഹായകമാവും.

തദ്ദേശ ഭരണ പ്രദേശത്തെ അടിസ്ഥാന പശ്ചാത്തല സൗകര്യങ്ങളുടെ അരക്ഷിതാവസ്ഥയെ സംബന്ധിച്ചുള്ള സ്ഥിതി വിവര കണക്കുകൾ ദുരന്ത സാധ്യതകൾ തടയുന്നതിനും, ലഘൂകരണത്തിനും പുനരധിവാസ പ്രവർത്തനങ്ങൾക്കും പ്രാധാന്യമുള്ള വിവരമായിരിക്കും. അതുകൊണ്ടു തന്നെ പ്രദേശത്തെ വിവിധ തരത്തിലുള്ള ദുരന്ത സാധ്യതയുള്ള ഇനം തിരിച്ചുള്ള വിവരങ്ങൾ ശേഖരിച്ച വയ്ക്കുന്നത് നന്നായിരിക്കും. പ്രാദേശിക –പ്രത്യേക ജന വിഭാഗങ്ങളുടെ സാമ്പത്തികാവസ്ഥയുമായും, സാമൂഹ്യാവസ്ഥയുമായും, ഭൂമി ശാസ്ത്രപരമായ പ്രത്യേകതകളുമായും, പ്രാദേശിക – പശ്ചാത്തല ഭൗതിക സൗകര്യങ്ങളുമായും ബന്ധപ്പെട്ട നിൽക്കുന്ന അരക്ഷിതാവസ്ഥകളെല്ലാം ഒരു ഹരിത വികസന പന്ഥാവിലേക്കുള്ള പ്രയാണത്തിൽ നമുക്ക് പരിഗണിക്കേണ്ടി വരും. തദ്ദേശ സ്വയം ഭരണ സ്ഥാപന പ്രദേശത്ത് കഴിഞ്ഞ 30 വർഷ കാലയളവിനുള്ളിൽ താപനില, അന്തരീക്ഷ ഈർപ്പം,കാറ്റിന്റെ ഗതി, മഴ ലഭ്യത - ഇടവപ്പാതി, തുലാവർഷം, വേനൽ മഴ - വരൾച്ച, കാട്ടുതീ, മനുഷ്യ- വന്യമൃഗ സംഘർഷം, കൊടുങ്കാറ്റ്, വെള്ളപ്പൊക്കം, തീരപ്രദേശം/നദിയിലെ മണ്ണൊലിപ്പ്, മണ്ണിടിച്ചിൽ, കടൽ കയറ്റം, ഇടിമിന്നൽ, ഉരുൾപൊട്ടൽ, ഭൂഗർഭ ജലവിതാനം എന്നിവയിൽ ഏതിലെങ്കിലും ഗണ്യമായ മാറ്റം ശ്രദ്ധയിൽപെട്ടിട്ടുണ്ടെങ്കിൽ അവ രേഖപ്പെടുത്തുക.

### 2.1. ദുരന്ത ചരിത്രം

#### 2.1.1. കേന്ദ്ര/സംസ്ഥാന സർക്കാരുകൾ പട്ടികപ്പെടുത്തി പ്രഖ്യാപിച്ചിട്ടുള്ള ദുരന്തങ്ങളെ കുറിച്ചുള്ള ചരിത്രം

കേന്ദ്ര/സംസ്ഥാന സർക്കാരുകൾ പട്ടികപ്പെടുത്തി പ്രഖ്യാപിച്ചിട്ടുള്ള (Notifed) ദുരന്തങ്ങളെ കുറിച്ചുള്ള വിവരങ്ങൾ മാത്രം ഇവിടെ നല്കിയാൽ മതിയാകും. ഇതിൽ വളർത്തു മൃഗങ്ങളുടെ കണക്ക് കൊടുക്കുമ്പോൾ ബാധകമായ കന്നുകാലികൾ, ആട്, കുതിര/കഴുത, കോഴി. താറാവ്, അതുമല്ലെങ്കിൽ ഇതര വളർത്തുമൃഗങ്ങളുടെ കണക്ക് നൽകേണ്ടതുണ്ട്.

### പട്ടിക 2.1: തദ്ദേശ സ്വയം ഭരണസ്ഥാപനം നേരിട്ട ദുരന്തങ്ങളുടെചരിത്രം (കേന്ദ്ര/ കേരളസർക്കാർപട്ടികപ്പെടുത്തിയത്)

(കുറഞ്ഞ പക്ഷം 2015 ജനുവരി മുതൽ ഉള്ളത്)

| ക്രമ നമ്പർ | നേരിട്ട ദുരന്തം | വർഷവും മാസവും | ആഘാതം | | | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | ആളപായം സംഭവിച്ചവർ | | | | | പകർച്ച വ്യാധികൾ ബാധിച്ചു മരിച്ചവരുടെഎണ്ണം | വളർത്തു മൃഗങ്ങൾ | തകർന്ന വീടുകൾ | | അടിസ്ഥാന സൗകര്യങ്ങൾ | | | കൃഷി നാശം (ഹെക്ടർ) | | ജീവനോപാധികൾ നഷ്ടപ്പെട്ടവർ (എണ്ണം) |
| | | | പുരുഷൻ | സ്ത്രീ | ട്രാൻസ് ജെൻഡർ | കുട്ടികൾ | ആകെ | | | ഭാഗികമായി | പൂർണ്ണമായി | റോഡിന്റെ തരവും ദൂരവും കി .മീ | പാലം/ കലുങ്ക് തരവും എണ്ണവും | ഗാർഹികേതര കെട്ടിടങ്ങൾ (എണ്ണം) | ഇൻഷ്വറൻസ് ഉള്ളവ (ഹെക്ടർ) | ഇൻഷ്വറൻസ് ഇല്ലാത്തവ (ഹെക്ടർ) | |
| | | | | | | | | | | | | | | | | | | |
| | | | | | | | | | | | | | | | | | | |
| | | | | | | | | | | | | | | | | | | |
| | | | | | | | | | | | | | | | | | | |
| | | | | | | | | | | | | | | | | | | |
| | | | | | | | | | | | | | | | | | | |
| | | | | | | | | | | | | | | | | | | |

2.1.2. പ്രാദേശിക ദുരന്തങ്ങളുടെ ചരിത്രം / പ്രധാന ദുരന്തങ്ങൾ

ജില്ലാ തലത്തിലോ അതിനു മുകളിലേക്ക് ഉള്ളതോ അല്ലാത്ത വളരെ പ്രാദേശികമായി മാത്രം ഉണ്ടായിട്ടുള്ള ദുരന്തങ്ങളെയാണ് ഈ കോളത്തിൽ രേഖപ്പെടുത്തേണ്ടത്. കുറഞ്ഞത് 2015 ജനുവരി മുതൽ ഉള്ളതെങ്കിലും രേഖപ്പെടുത്തുവാൻ ശ്രദ്ധിക്കുക. പട്ടിക 1 - ൽ ഉൾപ്പെടാത്ത (കേന്ദ്ര/സംസ്ഥാന സർക്കാരുകൾ പട്ടികപ്പെടുത്തി പ്രഖ്യാപിച്ചിട്ടില്ലാത്തത്) ദുരന്തങ്ങളുടെയും അപകടങ്ങളുടെയും സ്വാധീനം ആ പ്രദേശത്തെ പലതരത്തിലും ബാധിക്കുകയോ ജന ജീവിതത്തെ സ്വാധീനിക്കുകയോ ചെയ്തിട്ടുണ്ടാവും.

ഉദാഹരണത്തിന് ബോട്ടപകടം, മുങ്ങിമരണം, വലിയ വാഹനാപകടങ്ങൾ, പകർച്ചവ്യാധികൾ/ ഭക്ഷ്യവിഷബാധകൾ, ഉത്സാവഘോഷങ്ങളോട് അനുബന്ധിച്ചുണ്ടായിട്ടുള്ള അപകടങ്ങൾ, ഒരേ സ്ഥലത്ത് ആവർത്തിക്കപ്പെടുന്ന റോഡപകടങ്ങൾ എന്നിങ്ങനെയുള്ളവ.

ഈ വിവരങ്ങൾ പ്രദേശത്തെ സ്ഥിരതാമസക്കാരായ ആളുകളെ ഉൾക്കൊള്ളിച്ച് സംഘടിപ്പിക്കുന്ന ഫോക്കസ് ഗ്രൂപ്പ് ചർച്ചകളിൽ നിന്നോ, പഴയ വർത്തമാന പത്രങ്ങളിൽ നിന്നോ, തദ്ദേശ സ്വയം ഭരണ സ്ഥാപനമുൾക്കൊള്ളുന്ന പ്രദേശത്ത് നടത്തിയിട്ടുള്ള ഏതെങ്കിലും പഠന റിപ്പോർട്ടിൽ നിന്നോ ലഭിക്കുന്നതാണ്. ദുരന്തത്തിൽ നാശം സംഭവിച്ച റോഡിന്റെ തരം(മണ്ണ്, കല്ല്പാകിയത്, ടാർ, കോൺക്രീറ്റ് ചെയ്തത്, ടൈൽ പാകിയത്) ഏത് എന്നത് രേഖപ്പെടുത്തണം. ഗാർഹികേതര കെട്ടിടങ്ങൾ എന്നുദ്ദേശിക്കുന്നത് സ്കൂൾ, കമ്മ്യൂണിറ്റിഹാൾ, അങ്കണവാടി, മറ്റ സർക്കാർ സ്ഥാപനങ്ങൾ തുടങ്ങിയവയാണ്. കാർഷിക, മൃഗസംരക്ഷണ, മത്സ്യബന്ധന മേഖലയിൽ ഉപയോഗിക്കുന്ന തൊഴിൽ ഉപകരണങ്ങൾ ആണ് ജീവനോപാധികൾ എന്നത് കൊണ്ട് ഉദ്ദേശിക്കുന്നത്.

### പട്ടിക 2.2:പ്രാദേശിക ദുരന്തങ്ങളുടെ ചരിത്രം/ പ്രധാന ദുരന്തങ്ങൾ

| ക്രമനമ്പർ | നേരിട്ട ദുരന്തം | വർഷവും മാസവും | ആഘാതം | | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | ആളപായം സംഭവിച്ചവർ | | | | | പകർച്ച വ്യാധികൾ ബാധിച്ച് മരിച്ചവരുടെഎണ്ണം | വളർത്തു മൃഗങ്ങൾ* | തകർന്ന വീടുകൾ | | അടിസ്ഥാന സൗകര്യങ്ങൾ | | | കൃഷി നാശം (ഹെക്ടർ) | | ജീവനോപാധികൾ നഷ്ടപ്പെട്ടവർ (എണ്ണം) |
| | | | പുരുഷൻ | സ്ത്രീ | ട്രാൻസ്ജെൻഡർ | കുട്ടികൾ | ആകെ | | | ഭാഗികമായി | പൂർണ്ണമായി | റോഡിന്റെ തരവും ദൂരവുംകി .മീ | പാലം/ കലുങ്ക് തരവും എണ്ണവും | ഗാർഹികേതര കെട്ടിടങ്ങൾ (എണ്ണം) | ഇൻഷ്വറൻസ് ഉള്ളവ (ഹെക്ടർ) | ഇൻഷ്വറൻസ് ഇല്ലാത്തവ (ഹെക്ടർ) | |
| | | | | | | | | | | | | | | | | | |
| | | | | | | | | | | | | | | | | | |
| | | | | | | | | | | | | | | | | | |

### 2.1.3. ദുരന്തങ്ങളുടെ ആവർത്തനകാലചക്രം

തദ്ദേശഭരണ പ്രദേശത്ത് സ്ഥിരമായി ആവർത്തിക്കപ്പെടുന്ന ദുരന്തങ്ങളാണ് ഇവിടെ രേഖപ്പെടുത്തേണ്ടത്. ഏത് കാലയളവിലാണ് എന്ന് പ്രത്യേകമായി രേഖപ്പെടുത്തേണ്ടതാണ്. ജില്ലാ ദുരന്ത നിവാരണ അതോറിറ്റി തയാറാക്കി സൂക്ഷിച്ചിട്ടുള്ള ജില്ലാ ദുരന്ത നിവാരണ പദ്ധതിയിൽ ഇത് രേപ്പെടുത്തിയിട്ടുണ്ടാവും.

### പട്ടിക 2.3: ദുരന്തങ്ങളുടെ ആവർത്തന കാലചക്രം ( '✓' അടയാളപ്പെടുത്തുക )

| ദുരന്തം | വർഷം | ജനുവരി | ഫെബ്രുവരി | മാർച്ച് | ഏപ്രിൽ | മെയ് | ജൂൺ | ജൂലൈ | ആഗസ്റ്റ് | സെപ്റ്റംബർ | ഒക്ടോബർ | നവംബർ | ഡിസംബർ |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | | | | | | | | | | |
| | | | | | | | | | | | | | |
| | | | | | | | | | | | | | |

### 2.2. പ്രത്യേക പരിഗണന ലഭിക്കേണ്ട വിഭാഗങ്ങൾ

പ്രദേശത്ത് ഒരു ദുരന്തം ഉണ്ടായാൽ അത് ഏറ്റവും കൂടുതൽ പ്രതികൂലമായി ബാധിക്കാൻ സാധ്യതയുള്ള ജനങ്ങളുടെ വിവരങ്ങളാണ് ഈ കോളത്തിൽ രേഖപ്പെടുത്തേണ്ടത്. വാർഡ് അടിസ്ഥാനത്തിലുള്ള വിവരങ്ങൾ അനുബന്ധം ഏകോപിപ്പിച്ചാണ് ഇവ ലഭ്യമാക്കേണ്ടത്. അനുബന്ധം 10(പേജ് നം.54) പരിശോധിക്കുക. പെൺ, ആൺ എന്ന കണക്കുകൾ പ്രത്യേകം നൽകുക. ഇവ സാമൂഹ്യനീതിവകുപ്പ്, കുടുംബശ്രീ പ്രാദേശിക ഓഫീസുകൾ, പ്രാഥമികാരോഗ്യ കേന്ദ്രം, ഐ.സി.ഡി.എസ്. ഓഫീസുകൾ എന്നിവിടങ്ങളിൽ നിന്നും ലഭിക്കും. സ്ത്രീകൾ ഗൃഹനാഥ ആയവീടുകൾ എന്നത് കൊണ്ടുദ്ദേശിക്കുന്നത് കുടുംബത്തിലെ മുഖ്യ വരുമാന സ്രോതസ് സ്ത്രീകളായുള്ള വീടുകളാണ്.

പട്ടിക 2.4:പ്രത്യേക പരിഗണന ലഭിക്കേണ്ട വിഭാഗങ്ങൾ

| വിഭാഗങ്ങൾ | വാർഡ് നമ്പറുകൾ | പെൺ | ആൺ | ആകെ |
|---|---|---|---|---|
| 6 വയസ്സിൽ താഴെയുള്ള കുട്ടികൾ | | | | |
| ഭിന്നശേഷിക്കാർ | | | | |
| സാന്ത്വന പരിചരണത്തിലുള്ളവർ | | | | |
| 60 വയസിന് മുകളിൽ ഉള്ളവർ | | | | |
| അഗതികൾ | | | | |
| ഗർഭിണികൾ(.......വരെയുള്ള വിവരം) | | | XXXX | |
| സ്ത്രീകൾ ഗൃഹനാഥയായ വീടുകൾ | | | XXXX | |
| കെയർ ഹോമുകളിൽ ഉള്ളവർ | | | | |
| അതിഥി തൊഴിലാളികൾ | | | | |
| തനിയെ താമസിക്കുന്ന മുതിർന്ന വ്യക്തികൾ | | | | |

### 2.3. ദുരന്ത സാധ്യത ഭൂപടങ്ങൾ

ഈ ഭാഗത്ത് ദുരന്ത സാധ്യതയുള്ള പ്രദേശം രേഖപ്പെടുത്തിയ ഭൂപടം ചേർക്കണം. ഇവ സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയിൽ നിന്നും ലഭ്യമാകുന്നതാണ്.

### 2.4. ദുരന്ത സാധ്യതാ പ്രദേശങ്ങൾ

പ്രകൃതി ദുരന്തങ്ങൾക്ക് സ്ഥിരമായി വിധേയം ആകുന്ന ചില പ്രദേശങ്ങൾ നമ്മുടെ പ്രദേശത്തുണ്ടാകും. ഈ പ്രദേശങ്ങൾ സൂക്ഷ്മമായി നിരീക്ഷിച്ച് കൃത്യമായി രേഖപ്പെടുത്തണം. ഈ പ്രദേശങ്ങളിൽ ഉള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ആശുപത്രികൾ, വായനശാലകൾ, ഗ്രന്ഥശാലകൾ, സംഭരണശാലകൾ, സൂക്ഷിപ്പുകേന്ദ്രകൾ, കോഴി-താറാവ് വളർത്തു മൃഗങ്ങൾക്കുള്ള ഫാമുകൾ തുടങ്ങി മനുഷ്യരുമായും, മറ്റു ജീവജാലങ്ങളുമായും ബന്ധപ്പെട്ട എല്ലാ വിശദാംശങ്ങളും ആ പ്രദേശത്തെ വീടുകൾ പൊതുകെട്ടിടങ്ങൾ എന്നിവ സംബന്ധിച്ച വിവരങ്ങളും രേഖപ്പെടുത്തിവയ്ക്കണം. തീപിടുത്തം എന്ന കോളത്തിനു നേരെ എൽ.പി.ജി. സംഭരണ വിതരണ കേന്ദ്രങ്ങൾ, പെട്രോൾ പമ്പുകൾ എന്നിവ കൂടെ രേഖപ്പെടുത്തണം. പൊതു കെട്ടിടങ്ങൾ എന്നത് കൊണ്ട് ഉദ്ദേശിക്കുന്നത് സ്കൂളുകൾ, കമ്മ്യൂണിറ്റി ഹാളുകൾ, ആശുപത്രികൾ, സിനിമ തീയേറ്ററുകൾ മുതലായവ ആണ്.

വിശദാംശങ്ങൾ വാർഡ് തിരിച്ചുള്ള ലിസ്റ്റുകളിൽ (അനുബന്ധം 11 – പേജ് നം.55) നിന്ന് ക്രോഡീകരിക്കുക. അദ്ധ്യായം 1 ൽ ശേഖരിച്ചിട്ടുള്ള അടിസ്ഥാന വിവരങ്ങളിൽ നിന്ന് വേണം പട്ടിക 1.5 പൂരിപ്പിക്കാൻ.

പട്ടിക 2.5: ദുരന്ത സാധ്യതാ പ്രദേശങ്ങൾ

| ക്രമ നമ്പർ | ദുരന്ത സാധ്യത | ബാധകമായ പ്രദേശം, വാർഡ് | വീടുകൾ (എണ്ണം) | പൊതു കെട്ടിടങ്ങൾ |
|---|---|---|---|---|
| | | | | എണ്ണം |
| 1 | മണ്ണിടിച്ചിൽ / ഉരുൾപൊട്ടൽ | | | |
| 2 | വെള്ളപ്പൊക്കം | | | |
| 3 | കാട്ടുതീ | | | |
| 4 | തീരശോഷണം/ കടലാക്രമണം | | | |
| 5 | തീപിടിത്തം | | | |
| 6 | മുങ്ങിമരണം | | | |
| 7 | വൈദ്യുതാഘാതം | | | |
| 8 | രാസ-കീടനാശിനി ദുരന്തങ്ങൾ | | | |
| 9 | പടക്ക നിർമ്മാണ / സംഭരണ ശാലകൾ/ ഫാക്ടറികൾ | | | |
| 10 | മനുഷ്യനും വന്യമൃഗങ്ങളും തമ്മിലുള്ള സംഘർഷം | | | |
| 11 | പാറക്കുളം | | | |
| 12 | കൊടുങ്കാറ്റ് | | | |
| 13 | സുനാമി | | | |
| 14 | മറ്റുള്ളവ (വിശദീകരിക്കുക) | | | |

## 2.5. ഭൂമി ശാസ്ത്രപരമായി ദുരന്ത സാധ്യതയുള്ള പ്രദേശങ്ങൾ

ഭൂമി ശാസ്ത്ര പരമായ അരക്ഷിതാവസ്ഥയെ സംബന്ധിച്ച ഫോറത്തിൽ രേഖപ്പെടുത്തുന്നത് കൂടാതെ ഒരു ലഘു വിവരണം കൂടി ഉൾപ്പെടുത്തേണ്ടതാണ്. തിരിച്ചറിയപ്പെടുന്ന ഓരോ പ്രകൃതി ദുരന്തത്തിനും ഓരോ ഫോറമാണ് ഉപയോഗിക്കേണ്ടത് (ഉദാ: വെള്ളപ്പൊക്കം, മണ്ണിടിച്ചിൽ, കൊടുങ്കാറ്റ്, കാട്ടുതീ, കടൽ കയറ്റം). സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയിൽ നിന്ന് ലഭിക്കുന്ന ഭൂപടത്തിൽ രേഖപ്പെടുത്തിയിരിക്കുന്ന സ്ഥലങ്ങളും പ്രദേശത്തെ ലഭ്യമായ ചരിത്രത്തിൽ ഉൾപ്പെടുത്തിയിരിക്കുന്ന സ്ഥലങ്ങളും പ്രാദേശികമായി നടത്തിയ പഠന പര്യടനത്തിൽ (ട്രാൻസെക്റ്റ് വാക്ക്) നിന്നും ലഭിക്കുന്ന വിവരങ്ങളുമാണ് ചേർക്കേണ്ടത്.അനുബന്ധം 12(പേജ് നം-56) അനുസരിച്ച് വാർഡ് തിരിച്ചുള്ള ലിസ്റ്റുകളിൽ നിന്ന്ഏകീകരിക്കുക. അദ്ധ്യായം 1 ൽ ശേഖരിച്ചിട്ടുള്ള അടിസ്ഥാന വിവരങ്ങൾക്കനുസരിച്ച് വേണം പട്ടിക 2.6 പൂരിപ്പിക്കാൻ.

.

പട്ടിക 2.6: ഭൂമി ശാസ്ത്ര പരമായി ദുരന്ത സാധ്യതയുള്ള പ്രദേശങ്ങൾ

| ദുരന്ത സാധ്യത | ദുരന്ത ഭീഷണിയുള്ള വാർഡുകൾ | ദുരന്ത ഭീഷണിയുള്ള പ്രദേശം | പ്രദേശത്തെ റോഡിന്റെ അവസ്ഥ | പ്രദേശത്തെ പാലങ്ങളുടെ അവസ്ഥ | പ്രദേശത്തെ ജലാശയം (എണ്ണം) | പ്രദേശത്തെ ജനവാസ സ്ഥലങ്ങൾ/ കോളനികൾ (എണ്ണം) | ദുരന്ത ഭീഷണിയുള്ള പ്രദേശത്തെ ജനസംഖ്യ | മറ്റുള്ളവ |
|---|---|---|---|---|---|---|---|---|
| | | | | | | | | |
| | | | | | | | | |

2.6. ദുരന്ത ഭീഷണിയുള്ള പ്രദേശങ്ങളിലെ പൊതുകെട്ടിടങ്ങൾ

ദുരന്ത സാധ്യതയുള്ളതെന്ന് തിരിച്ചറിഞ്ഞ പ്രദേശങ്ങളിൽ നിലവിലുള്ള അടിസ്ഥാന ഭൗതിക സൗകര്യങ്ങളെ കുറിച്ചുള്ള വിവരങ്ങൾ പ്രത്യേകമായി ഫോറത്തിൽ പൂരിപ്പിക്കുന്നതു പോലെ തന്നെ ഒരു ലഘുവിവരണവും എഴുതി ചേർക്കണം. ഓരോ പ്രദേശത്തെയും ബാധിക്കാൻ ഇടയുള്ള ദുരന്തങ്ങൾ അല്ലെങ്കിൽ പ്രദേശത്തു നിലനിൽക്കുന്ന അരക്ഷിതാവസ്ഥ കൂടുതൽ ബാധിക്കാൻ ഇടയുള്ള വാർഡുകൾ, ആ വാർഡുകളിൽ നിലവിലുള്ള അടിസ്ഥാന ഭൗതിക സൗകര്യങ്ങൾ എന്നിവയാണ് രേഖപ്പെടുത്തേണ്ടത്.

പ്രദേശത്തെ അങ്കണവാടികൾ, സ്കൂളുകൾ, ആരോഗ്യ സ്ഥാപനങ്ങൾ, ഹാളുകൾ, മറ്റ് നിർമിതികൾ എന്നിവ രേഖപ്പെടുത്തിവെക്കണം. ഓരോ വാർഡിനും പ്രത്യേകം പ്രത്യേകം ഫോറം തയ്യാറാക്കി അനുബന്ധമായി സൂക്ഷിക്കാവുന്നതാണ്. (അനുബന്ധം 13 –പേജ് നം.57 പരിശോധിക്കുക). അദ്ധ്യായം 1 ൽ ശേഖരിച്ചിട്ടുള്ള അടിസ്ഥാന വിവരങ്ങളിൽ നിന്ന് വേണം പട്ടിക 2 .7 പൂരിപ്പിക്കാൻ.

പട്ടിക 2.7: ദുരന്ത ഭീഷണിയുള്ള പ്രദേശങ്ങളിലെ പൊതുകെട്ടിടങ്ങൾ

| ദുരന്ത സാധ്യത | ദുരന്ത ഭീഷണിയുള്ള വാർഡുകൾ | അങ്കണവാടികൾ | സ്കൂളുകൾ | ആരോഗ്യ സ്ഥാപനങ്ങൾ | കമ്മ്യൂണിറ്റി ഹാൾ | മറ്റുള്ളവ |
|---|---|---|---|---|---|---|
| | | | | | | |
| | | | | | | |

### 2.7. സാമ്പത്തിക ദുർബലത

സംഭവിക്കാൻ ഇടയുള്ള ദുരന്തങ്ങൾ, തദ്ദേശ സ്വയം ഭരണ സ്ഥാപന പരിധിയിൽ വരുത്താൻ ഇടയുള്ള സാമ്പത്തിക അരക്ഷിതാവസ്ഥയാണ് ഇവിടെ രേഖപ്പെടുത്തേണ്ടത്. വ്യക്തിഗതവും പൊതുവുമായ ജീവനോപാധികൾക്കും ആസ്തികൾക്കും തൊഴിലിനും ഉണ്ടാകാൻ സാധ്യതയുള്ള ഭീഷണികൾ എന്നിവ രേഖപ്പെടുത്തണം. ഉദാഹരണത്തിന് പൊതു അടിസ്ഥാന സൗകര്യ സേവന കേന്ദ്രങ്ങൾ (കോമൺ ഫെസിലിറ്റിസെന്ററുകൾ) മാർക്കറ്റുകൾ, ഹാച്ചറികൾ, പീലിംഗ്ഷെഡ്ഡുകൾ, ഫിഷ് ലാൻഡിംഗ് ഹാർബറുകൾ, മത്സ്യ ഉണക്ക കേന്ദ്രങ്ങൾ, പാൽ സംഭരണ വിതരണ കേന്ദ്രങ്ങൾ, ശീതീകരണികൾ) ഫോറത്തിൽ പൂരിപ്പിക്കുന്നതു കൂടാതെ ഒരു ലഘുവിവരണവും കൂടി എഴുതി ചേർക്കേണ്ടതാണ്. വാർഡ് തിരിച്ചുള്ള വിശദാംശങ്ങൾക്കായി അനുബന്ധം 14 (പേജ് നം. 58) പരിശോധിക്കുക. അദ്ധ്യായം 1 ൽ ശേഖരിച്ചിട്ടുള്ള അടിസ്ഥാന വിവരങ്ങളിൽ നിന്ന് വേണം പട്ടിക 2 . 8 പൂരിപ്പിക്കാൻ.

പട്ടിക 2.8: സാമ്പത്തികദുർബലത

| ദുരന്ത ഭീഷണിയുള്ള വാർഡുകൾ | ദുരന്ത സാധ്യത | മാർക്കറ്റ് (എണ്ണം) | ക്ഷീര സംഘങ്ങൾ (എണ്ണം) | വി.എഫ്.പി.സി.കെ കളക്ഷൻ സെന്റർ (എണ്ണം) | കോമൺ ഫെസിലിറ്റി സെന്റർ (എണ്ണം) | കൃഷിഭവൻ (എണ്ണം) | വിത്തുല്പാദന കേന്ദ്രം (എണ്ണം) | ഗോഡൗൺ/ സ്റ്റോറേജ് (എണ്ണം) | മൃഗാശുപത്രികൾ (എണ്ണം) | അഗ്രി/ ഹോർട്ടിനേഴ്സറി (എണ്ണം) | മറ്റുള്ളവ (ഇനവും എണ്ണവും) |
|---|---|---|---|---|---|---|---|---|---|---|---|
| | | | | | | | | | | | |
| | | | | | | | | | | | |

# അദ്ധ്യായം- 3

# ദുരന്ത പ്രതികരണ ആസൂത്രണരേഖ (റെസ്പോൺസ് പ്ലാൻ)

### 3.1. ഗ്രാമ പഞ്ചായത്ത് / നഗരസഭ സ്റ്റീയറിംഗ് കമ്മിറ്റി

ദുരന്ത സാഹചര്യമുണ്ടായാൽ മുഴുവൻ പ്രവർത്തനങ്ങളെയും ഏകോപിപ്പിക്കേണ്ട ചുമതല തദ്ദേശ ഭരണ തലത്തിലെ സ്റ്റിയറിംഗ് കമ്മിറ്റിക്ക് ആയിരിക്കും. പ്രവർത്തന വൈപുല്യം അനുസരിച്ച് ആവശ്യമെങ്കിൽ നിർവഹണ ഉദ്യോഗസ്ഥരെയും പി.ടിഎ. പ്രസിഡന്റ് പ്രഥമാധ്യാപകർ, സി.ഡി.സ്. ചെയർപേഴ്സൺമാർ, യൂത്ത് കോർഡിനേറ്റർ, ജന മൈത്രി പോലീസ് പ്രതിനിധി, മെഡിക്കൽ ഓഫീസർമാർ, സാക്ഷരത പ്രേരക്, ഐ.സി.ഡി.എസ് സുപ്പർവൈസർ, എഞ്ചിനീയർ എന്നിവരെ കൂടി ഉൾപ്പെടുത്തി കമ്മിറ്റി വിപുലീകരിക്കാവുന്നതാണ്. ദുരന്ത നിവാരണ പദ്ധതി തയ്യാറാക്കാനും നടപ്പാക്കാനുമുള്ള ഉത്തരവാദിത്തം സ്റ്റിയറിംഗ് കമ്മിറ്റിയെ ചുമതലപ്പെടുത്തിയിരിക്കുന്നു.

പട്ടിക 3.1:ഗ്രാമപഞ്ചായത്ത് / നഗരസഭസ്റ്റീയറിംഗ് കമ്മിറ്റി

| ക്രമനമ്പർ | പദവി | പേര് | മൊബൈൽ നമ്പർ (വാട്ട്സ് ആപ്പ്) |
|---|---|---|---|
| 1. | പ്രസിഡന്റ് / ചെയർപേഴ്സൺ / മേയർ | | |
| 2. | സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺമാർ | | |
| 3. | സെക്രട്ടറി | | |

പട്ടിക 3.2:ക്ഷണിക്കാവുന്നവർ

| ക്രമനമ്പർ | പദവി | പേര് | മൊബൈൽ നമ്പർ (വാട്ട്സ് ആപ്പ്) |
|---|---|---|---|
| 1. | വാർഡ് മെമ്പർമാർ | | |
| 2. | അസിസ്റ്റന്റ് സെക്രട്ടറി | | |
| 3. | സി.ഡി.എസ്ചെയർപേഴ്സൺ | | |
| 4. | കൃഷിഓഫീസർ | | |
| 5. | മൃഗഡോക്ടർ | | |
